## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2925 — 18.06.2018 -ൽ മറുപടിയ്ക്ക്

### സർക്കാർ ഏറ്റെടുത്ത അവകാശികൾ ഇല്ലാത്ത ഭൂമി

| ചോദ്യം : | മറുപടി : |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അവകാശികൾ ഇല്ലാത്ത എത്ര ഹെക്ടർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 6 ജില്ലകളിലായി അവകാശികളില്ലാത്ത 1785.7077 ഹെക്ടർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) അങ്ങിനെയുള്ള ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ? | (ബി) കേരള എസ്ചീറ്റ് ആന്റ് ഫോർഫീച്ചേഴ്സ് ആക്ട് 1964-ന്റെ കീഴിൽ ഉണ്ടാക്കിയ 1965 ലെ ചട്ടങ്ങൾ പ്രകാരമാണ് അന്യം നിൽപ്പ് ഭൂമി സർക്കാർ ഏറ്റെടുക്കുന്നത്. ഇതു സംബന്ധിച്ച നടപടി ക്രമങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| ക്രമ നം. | ജില്ല | വില്ലേജ് | സർവ്വെനമ്പർ | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | അരുവിക്കര | 344/20 | 00.10.15 ഹെക്ടർ |
| 2 | കൊല്ലം | - | - | - |
| 3 | പത്തനംതിട്ട | - | - | - |
| 4 | ആലപ്പുഴ | - | - | - |
| 5 | കോട്ടയം | മുണ്ടക്കയം | 438/10 | 00.01.65 ഹെക്ടർ |
| 6 | ഇടുക്കി | - | - | - |
| 7 | എറണാകുളം | - | - | - |
| 8 | തൃശ്ശൂർ | - | - | - |
| 9 | പാലക്കാട് | - | - | - |
| | | | | |
| 10 | മലപ്പുറം | - | - | - |
| 11 | കോഴിക്കോട് | തിരുവമ്പാടി | 174/1 ബി | 00.12.14 ഹെക്ടർ |
| | | ചക്കിട്ടപ്പാറ | 912/2,3,4,5,6 അൺ സർവ്വെ | 1699.72 ഹെക്ടർ |
| 12 | വയനാട് | തൃശ്ശിലേരി | 348/1ബി, 348/2 ബി, 454/3, 454/4 എ-2, 335,334/1 454/5ബി, 349, 454/5ബി | 85.6997 ഹെക്ടർ |
| 13 | കണ്ണൂർ | - | - | - |
| 14 | കാസറഗോഡ് | ചിമേനി | റീ-സർവ്വെനമ്പർ 246/3 | 00.0486 ഹെക്ടർ |
| ആകെ | | | | 1785.7877 ഹെക്ടർ |

സെക്ഷൻ ഓഫീസർ

കേരള എസ്ചീറ്റ് ആൻഡ് ഫോർ ഫീച്ചേഴ്സ് ആക്ട് 1964 സെക്ഷൻ 4 മുതൽ 11 വരെ അന്യം നിൽപ്പ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടി ക്രമങ്ങൾ വിശദമാക്കുന്നു.

- അന്യം നിന്ന വസ്തുക്കളെപ്പറ്റി വിവരം കിട്ടിയാലുടൻ വില്ലേജ് ഓഫീസർ തഹസീൽദാർക്ക് റിപ്പോർട്ട് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ തഹസീൽദാർ അന്വേഷണം നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുന്നു.
- തഹസീൽദാരിൽ നിന്നും റിപ്പോർട്ട് കിട്ടുന്നതിന്റെ അടിസ്ഥാനത്തിൽ മരണപ്പെട്ട ആളിന്റെ വസ്തുക്കളിൽ ആർക്കെങ്കിലും അവകാശം ഉണ്ടെങ്കിൽ ബോധിപ്പിക്കാൻ അവസരം നൽകുന്നതിനുള്ള നോട്ടീസ് ജില്ലാ കളക്ടർ ഗസറ്റിൽ പരസ്യം ചെയ്യുന്നു.
- നോട്ടീസ് പരസ്യപ്പെടുത്തിയ തീയതി മുതൽ 6 മാസം വരെ പരാതികൾ സ്വീകരിക്കാവുന്നതാണ്. ഈ നോട്ടീസ് ബന്ധപ്പെട്ട വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, താലൂക്ക് ഓഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിലും പ്രചാരത്തിലുള്ള രണ്ട് ദിനപ്പത്രങ്ങളിലും പരസ്യപ്പെടുത്തുന്നതാണ്.
- അവകാശവാദങ്ങളോ പരാതികളോ ലഭിക്കുകയാണെങ്കിൽ അവയിന്മേൽ അന്വേഷണം നടത്തി ബന്ധപ്പെട്ട പരാതിക്കാരനെ കേട്ടതിനു ശേഷം തീരുമാനം കൈക്കൊള്ളുന്നു.
- ജില്ലാ കളക്ടറുടെ തീരുമാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ മുൻപാകെ ടി ഉത്തരവ് കൈപ്പറ്റി 3 മാസത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കാവുന്നതും കമ്മീഷണറുടെ തീരുമാനത്തിന്മേൽ കക്ഷിക്ക് ടി ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനുള്ളിൽ

സർക്കാരിൽ അപ്പീൽ നൽകാവുന്നതുമാണ്. അപ്പീലിന്മേൽ കക്ഷികളെ കേട്ടതിനു ശേഷം അന്തിമ തീരുമാനം കൈക്കൊള്ളുന്നു.

* കളക്ടറുടെ തീർപ്പ് 11-ാം വകുപ്പ് പ്രകാരം വ്യവഹാരം ബോധിപ്പിക്കുന്നതിനുള്ള സമയം കഴിയുന്നതു വരെയോ അഥവാ വ്യവഹാരം വല്ലതും ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാര്യത്തിൽ അവസാനമായി തീർപ്പു കൽപ്പിക്കുന്നതു വരെയോ നടപ്പിൽ വരുത്താൻ പാടില്ലാത്തതാകുന്നു.

സെക്ഷൻ ഓഫീസർ